**പതിമൂന്നാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 5878

09 /07/2012 - ൽ മറുപടിക്ക്

**ഇന്ധനത്തിന്റെ ഗുണനിലവാരം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.അബ്ദുറഹിമാൻ രണ്ടത്താണി<br>ശ്രീ.എം.ഉമ്മർ<br>ശ്രീ.കെ.മുഹമ്മദുണ്ണി ഹാജി | **ശ്രീ. അനൂപ് ജേക്കബ്**<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പു മന്ത്രി) |
| എ) സംസ്ഥാനത്തെ പെട്രോൾ/ഡീസൽ പമ്പുകളിലൂടെ വിതരണം നടത്തുന്ന ഇന്ധനത്തിന്റെ ഗുണനിലവാരം ഉറപ്പുവരുത്താൻ ഏർപ്പെടുത്തിയിട്ടുളള സംവിധാനം എന്താണെന്ന് വിശദമാക്കുമോ; | (എ) ഓയിൽ കമ്പനികളിലെ സെയിൽസ് ഓഫീസർമാരും ഓയിൽ കമ്പനി മൊബൈൽ ലാബുകളും, പെട്രോളിയം ഇന്ധനങ്ങളുടെ സാമ്പിളുകൾ പരിശോധനക്ക് വിധേയമാക്കാറുണ്ട്. ഓയിൽ കമ്പനികളുടെ ക്വാളിറ്റീ അഷ്വറൻസ് സെല്ലും വിജിലൻസ് വിഭാഗവും കാലാകാലങ്ങളിൽ പെട്രോൾ പമ്പുകളിൽ പരിശോധന നടത്തി പെട്രോളിയം ഉൽപ്പന്നങ്ങളുടെ സാമ്പിളുകൾ ശേഖരിച്ച് ഗുണനിലവാരം ഉറപ്പ് വരുത്തുന്നുണ്ട്. |
| ബി) പമ്പുകളിലേക്ക് കൊണ്ടു വരുന്ന ഇന്ധനത്തിൽ വഴി മദ്ധ്യേ മായം ചേർക്കുന്ന പ്രവണത തടയുന്നതിന് നിലവിലുളള സുരക്ഷാ സംവിധാനങ്ങൾ അപര്യാപ്തമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അക്കാര്യത്തിൽ ഫലപ്രദമായ സുരക്ഷാ സംവിധാനങ്ങൾ ഏർപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ; | (ബി) നിലവിൽ ഓയിൽ കമ്പനികളുടെ സപ്ലൈ പോയിന്റിൽ വച്ചു തന്നെ ടാങ്കർ ലോറികളിൽ ഉൽപ്പന്നങ്ങൾ നിറച്ച ശേഷം ദുരുപയോഗം ചെയ്യാൻ സാധിക്കാത്ത വിധം പൂട്ടുകയും അവ അതാത് ഡീലർമാരുടെ കൈവശമുളള താക്കോലുകൾ ഉപയോഗിച്ച് മാത്രം തുറക്കത്തക്ക രീതിയിലുളള സംവിധാനമാണ് ഏർപ്പെടുത്തിയിട്ടുണ്ടുളളതെന്നും. കൂടാതെ അനുവദനീയമല്ലാതെ ടാങ്കർ ലോറികൾ വഴിമാറി പോകുന്നത് തടയുന്നതിന് ട്രക്കുകളിൽ വെഹിക്കിൾ ട്രാക്കിംങ് സിസ്റ്റം ഏർപ്പെടുത്തിയിട്ടുണ്ടെന്നും ഓയിൽ കമ്പനികളുടെ സംസ്ഥാന തല കോഓർഡിനേറ്റർ അറിയിച്ചിട്ടുണ്ട്. |
| സി) ഇന്ധനത്തിൽ മായം ചേർത്ത് വില്പന നടത്തിയതിനെതിരെ എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; എത്ര കേസിൽ ഉത്തരവാദികളെ ശിക്ഷിച്ചിട്ടുണ്ട്? | (സി) മായം ചേർത്ത് ഇന്ധന വിൽപ്പന നടത്തിയ രണ്ട് ഡീലർഷിപ്പുകൾ 2011-12 വർഷത്തിൽ റദ്ദ് ചെയ്തിട്ടുണ്ട് എന്ന് ഓയിൽ കമ്പനികളുടെ സംസ്ഥാനതല കോഓർഡിനേറ്റർ അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ